**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3740** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; ഡിപ്പോയിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി ഡോർമെറ്ററി, റെസ്റ്റോറന്റ്, ടേക് എ ബ്രേക്ക് പദ്ധതി, ടോയ്‌ലെറ്റ് ബ്ലോക്ക് എന്നിവ ആരംഭിക്കണമെന്ന നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഈരാറ്റുപേട്ട യൂണിറ്റിൽ ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി പ്ലാൻ ചെയ്തിരുന്ന ഭാഗം ഉൾപ്പെടെ യാത്രാ ഫ്യൂൽ ഔട്ട് ലെറ്റ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടപടികൾ വേണ്ടിവന്നതിനാൽ തുടർ നടപടി ആയിട്ടില്ല.<br><br>പദ്ധതി പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്ന് കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | കൂടുതൽ ദീർഘദൂര സർവീസുകൾ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സമീപ പ്രദേശങ്ങളിലെ ഡിപ്പോകളിൽനിന്നും ആരംഭിക്കുന്നതും അവസാനിക്കുന്നതുമായ പ്രധാനപ്പെട്ട ദീർഘദൂര സർവീസുകൾ ഈരാറ്റുപേട്ട ഡിപ്പോയിലേക്ക് നീട്ടി റൂട്ട് പുന:ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ സമീപ ഡിപ്പോകളിൽ നിന്നുമുള്ള ദീർഘദൂര സർവ്വീസുകളൊന്നും ഈരാറ്റുപേട്ട ഡിപ്പോയിലേക്ക് നീട്ടി റൂട്ട് പുനഃക്രമീകരിക്കുന്നതിനുള്ള നടപടി ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ